## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 207 18.12.2012 ലെ മറുപടിക്ക്

## കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറിയുടെ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ:<br>" എ.കെ. ബാലൻ:<br>" എം. ചന്ദ്രൻ:<br>" കെ.വി.വിജയദാസ്: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാതിരിക്കുന്നതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | 21.2.2012 ൽ ശിലാസ്ഥാപനം നിർവ്വഹിക്കപ്പെട്ട റെയിൽവേ കോച്ച് ഫാക്ടറി പദ്ധതി സ്വകാര്യപങ്കാളിത്തത്തോടെയുള്ള കൂട്ടു സംരംഭമായി നടപ്പിലാക്കാനാണ് റയിൽവേ തീരുമാനിച്ചിരിക്കുന്നത്. അതിനായുള്ള International Competitive Bidding നടപടിക്രമങ്ങൾ തുടങ്ങികഴിഞ്ഞു. പദ്ധതി നടത്തിപ്പിനായി വിശദമായ പദ്ധതി റിപ്പോർട്ട് RITES തയ്യാറാക്കി വരുന്നു. PPP/ICB പ്രകാരം കൂട്ടുസംരംഭം രൂപീകരിക്കാൻ കേന്ദ്ര കാബിനറ്റിന്റെ അംഗീകാരം ആവശ്യമാണ്. ഇതിനായി ആറ് മാസം സമയം വേണമെന്ന് 25.09.2012 ലെ പ്രധാനമന്ത്രിയുടെ ഉപദേശകൻ വിളിച്ചു ചേർത്ത യോഗത്തിൽ റയിൽവേ ബോർഡ് ചെയർമാൻ പറഞ്ഞിട്ടുണ്ട്. |
| (ബി) | അലുമിനിയം കോച്ച് ഫാക്ടറിക്ക് ആഗോള ടെൻഡർ വിളിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുമെന്ന് കേന്ദ്രമന്ത്രി നൽകിയിരുന്ന വാഗ്ദാനം പാലിക്കാതിരിക്കുന്നതിനുള്ള കാരണം എന്താണെന്ന് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; | | |
| (സി) | ഈ ഫാക്ടറിക്കായി മുൻസർക്കാർ എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുത്ത് നൽകിയിരുന്നത്; | (സി) | മുൻ സർക്കാരിന്റെ കാലത്ത് 429.27 ഏക്കർ ഭൂമി ഏറ്റെടുത്തെങ്കിലും റയിൽവേക്ക് കൈമാറിയിരുന്നില്ല. |

| | | | |
|---|---|---|---|
| (ഡി) | ഈ സർക്കാർ അതിനുശേഷം അധികമായി ഭൂമി ഏറ്റെടുത്ത് നൽകിയിട്ടുണ്ടോ;എങ്കിൽ എത്ര; | (ഡി) | ഇല്ല.മുൻപ് ഏറ്റെടുത്ത ഭൂമിയിൽ നിന്നും 239 ഏക്കർ ഭൂമി 33.70 കോടി രൂപയ്ക്ക് 17.8.2012ന് റയിൽവേക്ക് കൈമാറി. |
| (ഇ) | നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി താൽക്കാലിക ഓഫീസ് പ്രവർത്തനമെങ്കിലും ഇവിടെ തുടങ്ങാൻ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരുന്നോ; | (ഇ) | ഇല്ല. |
| (എഫ്) | ചുറ്റുമതിൽ നിർമ്മാണത്തിന് ഏത് കമ്പനിക്കാണ് ടെൻഡർ നൽകിയതെന്നും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (എഫ്) | ആരംഭിച്ചിട്ടുണ്ട്. ചുറ്റുമതിൽ നിർമ്മാണം പ്രാദേശിക റയിൽവേ കോൺട്രാക്ടർ മുഖേന റയിൽവേ നേരിട്ടാണ് ചെയ്യുന്നത്. |
| (ജി) | കഞ്ചിക്കോട് ഫാക്ടറിക്ക ശേഷം പ്രഖ്യാപിച്ച റായ്ബറേലിയിലെ റെയിൽവേ കോച്ച് ഫാക്ടറി ഉദ്ഘാടനം ചെയ്തിട്ടും കഞ്ചിക്കോട് കോച്ച് ഫാക്ടറി ആരംഭിക്കാത്തത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ജി) | നടപടി സ്വീകരിച്ചിട്ടുണ്ട്. ടി പദ്ധതി 2013-14ൽ തന്നെ നടപ്പിലാക്കുന്നതിന് ആവശ്യമായ വകയിരുത്തലുകൾ 2013-14 ലെ റയിൽവേ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കണമെന്ന് കേരളത്തിന്റെ റയിൽവേ ആവശ്യങ്ങൾ സംബന്ധിച്ച് 2012 നവംബർ മാസം കേന്ദ്ര സർക്കാരിനു സംസ്ഥാന സർക്കാർ സമർപ്പിച്ച നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ